Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2025/1631 (8) തീയതി : 14.08.2025

എല്ലാ കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർമാർക്കും

സർ/മാഡം

വിഷയം:- **കൈറ്റ് - പ്രൈമറി ഹൈടെക് ലാബ് പദ്ധതി - ലാപ്ടോപ്പുകളുടെയും പ്രൊജക്ടറുകളുടെയും AMC സൗകര്യം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച്**

സൂചന:- ഈ ഓഫീസിലെ KITE/2024/1631 (2) നമ്പരായുള്ള 30.08.2024 ലെ സർക്കുലർ.

സർക്കാർ, എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ കൈറ്റ് നടപ്പിലാക്കിയ ഹൈടെക് ലാബ് പദ്ധതി പ്രകാരം വിതരണം ചെയ്ത ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ എന്നിവയുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്താൻ Annual Maintenance Contract (AMC) ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങളുടെ AMC പരിരക്ഷ 2025 ആഗസ്റ്റ് 31 ന് അവസാനിക്കുന്നതിനാൽ ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ kite.kerala.gov.in/support എന്ന പോർട്ടലിൽ Login for AMC ലിങ്കിൽ അതത് സ്കൂൾ പ്രഥമാധ്യാപകരുടെ ഉത്തരവാദിത്വത്തിൽ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള അടിയന്തിര ക്രമീകരണം ഒരുക്കേണ്ടതും സ്കൂളുകളെ അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

ഹൈടെക് ലാബ് പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - അറിവിലേയ്ക്ക്
കൈറ്റിലെ എല്ലാ മാസ്റ്റർ ട്രെയിനർ/ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും
സ്റ്റോക്ക് ഫയൽ

Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2024/1631 (2) തീയതി : 30.08.2024

## സർക്കുലർ

വിഷയം:- **കൈറ്റ് - പ്രൈമറി ഹൈടെക് ലാബ് പദ്ധതി - സ്കൂളുകൾക്ക് നൽകിയ ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയ്ക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കൽ - അഞ്ചു വർഷ വാറണ്ടിയ്ക്കു ശേഷം ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്കും ഏർപ്പെടുത്തിയ AMC സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. സ.ഉ.(സാധാ) നം. 2177/2019 പൊ.വി.വ. തീയതി 06.06.2019
2. സ.ഉ.(സാധാ) നം. 818/2023/G.Edn തീയതി 30.01.2023
3. സർക്കാർ നിയോഗിച്ച ഐ.ടി സാങ്കേതിക സമിതിയുടെ 02.08.2024 ലെ യോഗത്തിന്റെ മിനിട്സ്.
4. കൈറ്റിന്റെ 19.08.2024 ലെ KITE/ 2024/ 1631(1) നമ്പർ സർക്കുലർ

സർക്കാർ, എയ്ഡഡ്, പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കൈറ്റ് നടപ്പിലാക്കിയ ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്ത ബഹുഭൂരിഭാഗം ലാപ്ടോപ്പുകളുടെയും മൾട്ടിമീഡിയ പ്രൊജക്ടറുകളുടെയും 5 വർഷ വാറണ്ടി 2024 ആഗസ്റ്റ് 31 ന് അവസാനിക്കുകയാണ്. ഹൈടെക് ഉപകരണങ്ങളുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നതിന് വാറണ്ടി അവസാനിക്കുന്ന മുറയ്ക്ക് AMC (Annual Maintenance Contract) ഏർപ്പെടുത്തുന്നതിന് സൂചന 3 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഓരോ ഹൈടെക് ഉപകരണത്തിന്റെയും പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. **ഹൈടെക് ലാബ് പദ്ധതി പ്രകാരം സർക്കാർ, എയ്ഡഡ്, പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലേക്ക് വിതരണം ചെയ്ത, 2024 ആഗസ്റ്റ് 31 വരെ വാറണ്ടി ഉണ്ടായിരുന്ന ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്കും** Complaints ഉള്ള പക്ഷം അത് നിർബന്ധമായും 31.08.2024 ന് മുൻപ് നിലവിലുള്ള പരാതി പരിഹാര പോർട്ടിൽ **(kite.kerala.gov.in/support)** രജിസ്റ്റർ ചെയ്യേണ്ടതാണ്.
2. വാറണ്ടി കാലയളവിനു ശേഷം 2024 സെപ്തംബർ 1 മുതൽ പ്രവർത്തനക്ഷമമായ ഉപകരണങ്ങൾക്ക് AMC ഏർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ പ്രസ്തുത ഉപകരണങ്ങൾക്ക് തകരാർ സംഭവിച്ചാൽ അതത് സ്കൂളുകളിലെ പ്രഥമാധ്യാപകർ **kite.kerala.gov.in/support** എന്ന പോർട്ടലിൽ **'Login for AMC'** എന്ന ലിങ്കിൽ സെപ്റ്റംബർ 2 മുതൽ പരാതി രേഖപ്പെടുത്തേണ്ടതാണ്.
3. AMC യുടെ പരാതി ഓൺലൈനിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പോർട്ടലിലെ user manual ൽ വ്യക്തമാക്കിയിട്ടുണ്ട്. പരാതി രേഖപ്പെടുത്തുന്നതിൽ ഏതെങ്കിലും വിധത്തിലുള്ള സാങ്കേതിക പ്രയാസം നേരിടുന്നുവെങ്കിൽ കൈറ്റിന്റെ അതത് ജില്ലാ ഓഫീസിലോ കോൾ സെന്ററിലോ ബന്ധപ്പെടേണ്ടതാണ്.
4. AMC പരിധിയിൽ വരുന്ന ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ 28.01.2025 വരെ ലഭിക്കുന്നതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ്, പ്രൈമറിവിഭാഗം, സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ